## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2495 09.03.2017-ന് മറുപടിയ്ക്ക്**

**ഭൂമി രേഖ ലഭ്യമല്ലാത്ത ഭൂമി**

**ചോദ്യം**

**ശ്രീ. സി. കെ. ശശീന്ദ്രൻ**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | വനം വകുപ്പുമായി തർക്കം നിലനിൽക്കുന്നതിനാൽ ഭൂമി രേഖ ലഭ്യമല്ലാത്ത എത്ര ഹെക്ടർ ഭൂമി വയനാട് ജില്ലയിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | വയനാട് ജില്ലയിലെ സൗത്ത് വയനാട് ഡിവിഷനിൽ വരുന്ന വൈത്തിരി താലൂക്കിൽപ്പെട്ട മുപ്പൈനാട്, തൃക്കൈപ്പെറ്റ, വെള്ളരിമല, കോട്ടപ്പടി, കുന്നത്തിടവക വില്ലേജുകളിലായി വനംവകുപ്പുമായി തർക്കം നിലനിൽക്കുന്നതിനാൽ ഏകദേശം 531 ഹെക്ടർ ഭൂമിക്ക് കൈവശക്കാരിൽ നിന്നും ഭൂനികുതി സ്വീകരിക്കുന്നില്ല എന്ന പരാതി നിലവിലുണ്ട്. |
| (ബി) | ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ? | (ബി) | ജില്ലാ കളക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഈ സ്ഥലത്ത് റവന്യൂ വനം വകുപ്പുകൾ സംയുക്തപരിശോധന നടത്തുന്നതിനായി 22.05.2010 ലെ സാധാരണ 2443/2010/റവന്യൂ നമ്പർ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. അപ്രകാരം ഭൂമി കൈവശം വച്ചിരിക്കുന്നവരിൽ നിന്നും അപേക്ഷ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ സംയുക്ത പരിശോധന നടന്ന് വരികയുമാണ്. ഇതിന് വനം വകുപ്പിന്റെ പൂർണ്ണ സഹകരണം നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ